**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** **26-06-2019-ൽ മറുപടിക്ക്**
**നിയമസഭാ ചോദ്യം നം. 443**

## നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നനിർമ്മാണം

**ചോദ്യം**

ശ്രീ. അനിൽ അക്കര
ശ്രീ.എം. വിൻസെന്റ്
ശ്രീ. അനൂപ് ജേക്കബ്
ശ്രീ.എ.പി. അനിൽ കുമാർ

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ നാളികേരത്തിനും അനുബന്ധ ഉല്പന്നങ്ങൾക്കും ആഗോള തലത്തിൽ പ്രിയം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ നാല്പത് ശതമാനം മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന നാളികേരത്തിന്റെ ചെറിയൊരു ശതമാനം മാത്രമാണ് മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നത്. എന്നാൽ പുതുതായി രൂപീകരിച്ച നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക വഴി മൊത്തം നാളികേരോല്പാദനത്തിന്റെ 40% വരെയെങ്കിലും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുക എന്നതും നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും, വിപണനവും ശക്തിപ്പെടുത്തുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക, ദേശീയ അന്തർദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക, നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോൽപ്പന്നങ്ങൾ ദേശീയ/അന്തർദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയും ഉൾപ്പെടുന്നു.<br><br>'ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്' എന്നൊരു പദ്ധതി നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ഗവേഷണത്തിലൂടെ നാളികേരത്തിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | പുതിയ മൂല്യ വർദ്ധിത ഉല്പന്നങ്ങളും, ഉപോൽപ്പന്നങ്ങളും വികസിപ്പിച്ചെടുക്കുക, ഇപ്രകാരമുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിന് തല്പരരായ സംരംഭകർക്ക് സഹായം നൽകുക തുടങ്ങിയവ പ്രസ്തുത മിഷന്റെ ഉദ്ദേശ്യങ്ങളിൽപ്പെടുന്നു.<br><br>നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 'Integrated Farming in Coconut holdings', 'Replanting and Rejuvenation of coconut' എന്നീ പദ്ധതികൾ നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതികൾക്കായി കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് മുഖേന സംസ്ഥാനത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പദ്ധതി / വിസ്തീർണ്ണം / തുക (ലക്ഷത്തിൽ)<br>Integrated Farming / 592 ഹെക്ടർ / 298.698<br>Replanting and Rejuvenation of coconut / 1530 ഹെക്ടർ / 871.825<br><br>നിലവിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ കൂടാതെ പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കേരഫെഡ് ആവിഷ്കരിച്ചുവരുന്നുണ്ട്. |
| (സി) | കേരഫെഡ് പുതിയ നാളികേര കോംപ്ലക്സ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കേരഫെഡ് പുതിയ നാളികേര കോംപ്ലക്സ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |
| (ഡി) | കേരഫെഡ് പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കേരഫെഡ് നിലവിൽ കേരജം കേശാമൃത് ഹെർബൽ ഹെയർ ഓയിൽ, കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേരമിൽക്ക് പൗഡർ എന്നിവ വിപണിയിൽ ഇറക്കിയിട്ടുണ്ട്. പുതിയതായി കേര ബേബികെയർ ഓയിൽ പുറത്തിറക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ